## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ - ശ്രീമതി. എം.എസ്. ശ്രീലത, സീനിയർ ക്ലാർക്ക് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് -സീനിയോറിറ്റി സ്ഥാനം പുനർ:നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1) 24/10/2016ലെ ശ്രീമതി. എം.എസ്. ശ്രീലത നൽകിയ അപേക്ഷ.

2)തിരുവനന്തപുരം ജില്ലയുടെ പി.എസ്.സി. അഡ്വൈസ് നം. ഡി.ടി.ബി.(2)/2601/84/തീയതി 29/5/89.

3) 5/11/89ലെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെഉത്തരവ് നം. എ2/41089/89/ഡി.എം.ഒ.എച്ച്.

4)ഉത്തരവ് നം. ഒ.&എം.2/78765/89/ആ.വ.ഡ തീയതി 17/4/91

5)ഉത്തരവ് നം. ഇ.എസ്.2/88777/2007/ആ.വ.ഡ തീയതി 14/1/09.

6)ഉത്തരവ് നം. ഇ.എസ്.2/40318/12/ആ.വ.ഡ തീയതി 15/12/2014.

7) 18/7/2018-ലെ ഇ.എസ്.2/40404/2015 നമ്പർ നോട്ടീസ്.

### ഉത്തരവ് നം: ഇ.എസ്.2/40404/15/ആ.വ.ഡ തീയതി: 6/9/2018

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീലത എം.എസ്. സൂചന (1) പ്രകാരം ടിയാളെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്ന് കാണിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീമതി. ശ്രീലത എം.എസ്. സൂചന (2) പ്രകാരം തിരുവനന്തപുരം ജില്ലാ പി.എസ്.സി.യുടെ അഡ്വൈസ് പ്രകാരവും സൂചന (3) പ്രകാരമുള്ള ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിൻെറയും അടിസ്ഥാനത്തിൽ 4/12/89ൽ സർവീസിൽ പ്രവേശിച്ചു.

തുടർന്ന് സൂചന (4) പ്രകാരം അഡ്വൈസ് തീയതി വച്ച് സീനിയോറിറ്റി കണക്കാക്കി 6/86 മുതൽ 8/90 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 775-ാം റാങ്ക് നൽകി.

തുടർന്ന് ഉത്തരവ് നം. ഇ.ഡി.1/11/98/ആ.വ.ഡ തിയതി 16/4/98 പ്രകാരം ടിയാരി പത്തനംതിട്ട ജില്ലയിലേക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ തന്നെ അന്തർജില്ല സ്ഥലം മാറ്റം വാങ്ങുകയും 18/4/98ന് പ്രസ്തുത ജില്ലയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ ടിയാരി അന്തർജില്ലാ സ്ഥലം മാറ്റം വഴി പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ 18/4/98 സിനിയോറിറ്റിയ്ക്ക് കണക്കാക്കിക്കൊണ്ട് 6/86 മുതൽ 8/90 വരെയുള്ള എൽ.ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ നൽകിയ 775 റാങ്ക് നമ്പർ റദ്ദാക്കി 1/4/97 മുതൽ 31/12/2002 വരെയുള്ള എൽ.ഡി ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 84 എ റാങ്ക് നമ്പർ നൽകുന്നതിനും സൂചന (6) പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/8/2012 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 517എ റാങ്ക് നമ്പർ നൽകി ഉൾപ്പെടുത്തുന്നതിനും താൽകാലികമായി തീരുമാനിച്ച് സൂചന 7 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത നോട്ടീസിൻമേൽ നാളിതുവരെയും യാതൊരു ആക്ഷേപങ്ങളും ലഭിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി. ശ്രീലത എം.എസ്.ന് 6/86 മുതൽ 8/90 വരെയുള്ള എൽ.ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ നൽകിയിരുന്ന 775 റാങ്ക് നമ്പർ റദ്ദാക്കി 1/4/97 മുതൽ 31/12/2002 വരെയുള്ള എൽ.ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 84 എ റാങ്ക് നമ്പർ നൽകുന്നതിനും, സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/8/2012 വരെയുള്ളസീനിയോറിറ്റി പട്ടികയിൽ 517 എ എന്ന സ്ഥാനം നൽകുന്നതിനുമുള്ള താൽകാലിക തീരുമാനം ഇതിനാൽ സ്ഥിരീകരിച്ച് ഉത്തരവാകുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

| SL No | Name & Present Station | Date of Birth | Existing rank no in the seniority list of Clerk (1986-1990) | New Rank No in the Seniority list of Clerk (1997-2002) | Existing rank no in the seniority list of Senior Clerk (2000-2012) | New Rank no in the seniority list of Senior Clerk (2000-2012) | Remarks |
|---|---|---|---|---|---|---|---|
| 1 | Smt. M.S. Sreelatha | 9/6/1963 | 775 | 84A | ------ | 517A | New rank no in the seniority list of Senior Clerk is assigned in between rank no 517 Mumthas V.I. and rank no. 518 Smitha N. in the seniority list of Senior Clerk for the period from 17/6/00 to 31/8/12 |

(Sd/-)
C.M. Ajayamohan
Senior Administrative Officer

Forwarded by Order

Senior Superintendent